കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള ഭവന നിർമ്മാണപദ്ധതി

21 (*520) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് ഏതൊക്കെ ഭവനനിർമ്മാണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്, ഇത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം കേരളത്തിന് അനുവദിച്ച 730.48 ലക്ഷം രൂപ ചെലവഴിക്കാതെ പാഴായിപ്പോയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തുക മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി വക മാറ്റി ചെലവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) കേന്ദ്ര സർക്കാർ വിവിധ ഭവനനിർമ്മാണ പദ്ധതികൾക്ക് സംസ്ഥാനത്തിന് അനുവദിക്കുന്ന തുക യഥാസമയം ഉപയോഗിക്കുന്നതിനായി ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികളാണ് വിവിധ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കി വരുന്നത്.

ഏജൻസി	പദ്ധതി
ഭവനനിർമ്മാണ ബോർഡ്	വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കോട്ടയം തൊടുപുഴ, കാക്കനാട്.

മൊത്തം പദ്ധതിചെലവിന്റെ 75% കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റായിട്ടാണ് ലഭിക്കുന്നത്. 25% ബോർഡിന്റെ വിഹിതമാണ്.

ഫിഷറീസ് ഡയറക്ടറേറ്റ്	ദേശീയ മൽസ്യത്തൊഴിലാളി ക്ഷേമനിധി (50% കേന്ദ്രസഹായ ഭവന നിർമ്മാണ പദ്ധതി)
ഗ്രാമവികസന കമ്മീഷണറേറ്റ്	ഇന്ദിരാ ആവാസ് യോജന 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കുടുംബ ശ്രീ	വാത്മീകി അംബേദ്കർ ആവാസ് യോജന 40,000 രൂപ ചെലവ് വരുന്ന ഭവനത്തിന്റെ 50% കേന്ദ്രസഹായവും 50% സംസ്ഥാന സർക്കാർ സഹായവുമാണ്.
Chief Engineer (PWD)	Infrastructural Facilities of Judiciary എന്ന 50% കേന്ദ്ര സഹായമുള്ള പദ്ധതി 1993-94 മുതൽ നടപ്പിലാക്കി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) '(ബി)'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(ഡി) ഇല്ല.

(ഇ) സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ചലച്ചിത്രനിർമ്മാണം വികസിപ്പിക്കുന്നതിന് നടപടികൾ

22 (*521) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചലച്ചിത്രനിർമ്മാണത്തിന് സഹായകരമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചലച്ചിത്ര നിർമ്മാണത്തിനായി അനുവാദം നൽകിയിരുന്ന സർക്കാർ ഉടമസ്ഥയിലുള്ള വിവിധ സ്ഥാപനങ്ങളിലും കെട്ടിടങ്ങളിലും ഷൂട്ടിംഗിന് അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) അപ്രകാരം അനുമതി നൽകാത്ത സ്ഥാപനങ്ങളിൽ ഷൂട്ടിംഗിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ അനുമതി കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകാരണം ചലച്ചിത്ര നിർമ്മാണ പ്രവർത്തനങ്ങൾ അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്നത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ,

(എ) ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ ജോലികളും നിർവ്വഹിക്കുവാനുള്ള സൗകര്യം കേരള ചലച്ചിത്ര വികസന കോർപ്പറേഷനു കീഴിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സജ്ജമാക്കിയിട്ടുണ്ട്. നിർമ്മാതാക്കളുടെ സൗകര്യാർത്ഥം 1999 മുതൽ ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 5 ലക്ഷത്തിന്റേയും, 10 ലക്ഷത്തിന്റേയും ബാങ്ക് ഗ്യാരണ്ടിയുടെ കൂടെ രണ്ട് ലക്ഷം രൂപയും അടയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 10 ലക്ഷം രൂപ വരേയും 20 ലക്ഷം രൂപാവരേയും

LIBRARY ARCHIVES Kerala Legislative Assembly